അനുസരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ദർഘീയ പത്രത്തിൽ ക്ഷണിക്കുന്ന മത്സര ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെ സംഭരിച്ചാണ് അതത് ആശുപത്രികൾക്ക് നൽകിവരുന്നത്. മൂന്ന് ടെണ്ടറുകളായാണ് ക്ഷണിക്കുന്നത്.

1. മരുന്നുകൾ (ശീതീകരണ സംവിധാനം ആവശ്യമുള്ളവ & പ്രത്യേക ശീതീകരണ സംവിധാനം ആവശ്യമില്ലാത്തവ)

2. അനുബന്ധ ഉല്പന്നങ്ങൾ

(Medical devices, Blood Diagnostic kits & Reagents, Consumables, Disinfectants & Chemicals, Surgical Sutures, X-Ray Films and Accessories)

3. കാൻസർ രോഗചികിത്സയ്ക്കാവശ്യമായ മരുന്നുകൾ.

വിതരണക്കാരെ ലഭിക്കാത്ത മരുന്നുകൾ റീ-ടെണ്ടർ ചെയ്യാറുണ്ട്. അതിൽ യോഗ്യതയുള്ള വിതരണക്കാരെ ലഭിച്ചാൽ അവർക്ക് വിതരണ ഓർഡറുകൾ നൽകാറുണ്ട്. കാൻസർ രോഗചികിത്സയ്ക്കാവശ്യമായ 69 ഇനം മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകളും അനുബന്ധ ഉല്പന്നങ്ങളുമാണ് നടപ്പു സാമ്പത്തിക വർഷം ടെണ്ടർ ചെയ്തത്.

(ഡി) കടിശ്ശിക നൽകാനുണ്ടെന്ന കാരണത്താൽ മാത്രം മരുന്ന് കമ്പനികൾ കോർപ്പറേഷന്റെ ദർഘാസുകളിൽ പങ്കെടുക്കാതിരിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല.

കാരുണ്യ ഫാർമസിയിൽ ലഭ്യമാകുന്ന ഔഷധങ്ങൾ

42(740) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഫാർമസിയിൽ ലഭ്യമാകുന്ന ഔഷധങ്ങളുടെ പട്ടിക പ്രസിദ്ധപ്പെടുത്തുമോ; വിശദാംശം നൽകുമോ;

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് 2014-15 വർഷത്തിൽ എത്ര കോടി രൂപയ്ക്കാണ് ഔഷധങ്ങൾ വാങ്ങിയത് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാരുണ്യ ഫാർമസിയിൽ ലഭ്യമാകുന്ന ഔഷധങ്ങളുടെ പട്ടിക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. (www.Kmscl. Kerala.gov.in KCP പേജ്).

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലേയ്ക്കുവേണ്ടി 2014-15 സാമ്പത്തിക വർഷത്തിൽ 115 കോടി രൂപയ്ക്കാണ് ഔഷധങ്ങൾ വാങ്ങിയത്. സൗജന്യ മരുന്നു വിതരണവുമായി ബന്ധപ്പെട്ട് 2014-15 സാമ്പത്തിക വർഷത്തിൽ 246.61 കോടി രൂപയുടെ മരുന്നാണ് സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് വാങ്ങി വിതരണം ചെയ്തത്.

ആദിവാസി ജനവിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണം

43(741) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ ആദിവാസി ജനവിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ഈ സർക്കാർ വന്നതിന് ശേഷം ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഓരോ പദ്ധതിക്കും നീക്കിവച്ച തുകയും ചിലവഴിച്ച തുകയും വ്യക്തമാക്കുമോ;

(സി) ആദിവാസി മേഖലകളിൽ എത്ര പുതിയ ആശുപത്രികൾ ആരംഭിച്ചു എവിടെയെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത മേഖലകളിലെ ഏതെല്ലാം ആശുപത്രികൾ അപ്ഗ്രേഡ് ചെയ്തു; പുതിയ ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ തസ്തികകൾ എവിടെയെല്ലാം സൃഷ്ടിച്ചു;

(ഇ) ആദിവാസി മേഖലകളിലെ ആശുപത്രികളിൽ ചികിത്സാ പിഴവ്, ചികിത്സാ സൗകര്യങ്ങളുടെ കുറവ്, ആശുപത്രി അധികൃതരുടെ അനാസ്ഥ എന്നിവ മൂലം കുട്ടികൾ അടക്കമുള്ള ആദിവാസികൾ മരിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ആദിവാസി ജനവിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് മുന്തിയ പരിഗണനയാണ് ആരോഗ്യ വകുപ്പ് നൽകിവരുന്നത്. ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ജീവനക്കാരെ നിയമിക്കൽ, ചികിത്സയ്ക്കാവശ്യമായ മരുന്നും സാധന സാമഗ്രികളും ലഭ്യമാക്കുന്നതിനും പ്രത്യേക പ്രാധാന്യം നൽകി വരുന്നുണ്ട്. 2013-ൽ അട്ടപ്പാടി മേഖലയിൽ കൂടുതലായി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തപ്പോൾ എൻ.എച്ച്.എം.-ന്റെ ഭാഗമായി പ്രത്യേക അട്ടപ്പാടി പാക്കേജായി പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. അട്ടപ്പാടി ബ്ലോക്കിലെ

LIBRARY ARCHIVES Kerala Legislative Assembly